(ബി) പി.എസ്.സി. യിൽ നിന്നും ലഭ്യമായ റാങ്ക് ലിസ്റ്റിൻപ്രകാരം അസിസ്റ്റന്റ് സർജന്മാരുടെ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നൽകുകയുണ്ടായി. എന്നാൽ നിയമനം നൽകിയവരിൽ ചിലർ പല കാരണങ്ങളാലും ജോലിക്കു ഹാജരാകാതിരുന്നതിനാൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് പി.എസ്.സി. യോടു വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

എൻ.എഫ്.സി.പി. യൂണിറ്റുകളിൽ നിയമനം സംബന്ധിച്ച നടപടി

207 (209) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൻ.എഫ്.സി.പി. യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ഫീൽഡ് വർക്കേഴ്സ് പ്രൊമോഷൻ തസ്തികയായ ഇൻസെക്ട് കളക്ടേഴ്സ് തസ്തികയിലെ നിയമനം ജില്ലാ അടിസ്ഥാനത്തിലെ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണോ ; സംസ്ഥാനതലത്തിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണോ തയ്യാറാക്കുന്നത് ;

(ബി) വിവിധ ജില്ലകളിലായി ഇൻസെക്ട് കളക്ടേഴ്സിന്റെ എത്ര തസ്തികകളുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ഇതിൽ എത്ര തസ്തികകളിലാണ് ഇനിയും നിയമനം നടക്കാതെയുള്ളതെന്നും അതിൽ എന്നത്തേയ്ക്ക് നിയമനം നടത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(സി) എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന എൻ.എഫ്.സി.പി. യൂണിറ്റുകളിൽ ഇൻസെക്ട് കളക്ടേഴ്സിന്റെ എത്ര തസ്തികകളുണ്ട് ; മുഴുവൻ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജില്ലാതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) എറണാകുളം ജില്ലയിൽ മൂന്ന് തസ്തികകൾ ഉണ്ട്. എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്.

ആശുപത്രി പൂർത്തീകരിക്കാൻ നടപടി

208 (210) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം - XXX

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരത്ത് തൈക്കാട് കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രിയിൽ പുതിയ വാർഡ് മന്ദിരം നിർമ്മിക്കുന്നുണ്ടോ ;

(ബി) കരാർപ്രകാരം എത്ര കാലത്തിനുള്ളിലാണ് പ്രസ്തുത മന്ദിരം പൂർത്തിയാക്കേണ്ടത് ;

(സി) നിർമ്മാണം തുടങ്ങി വർഷങ്ങളായിട്ടും ഇത് പൂർത്തിയാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) അടിയന്തിരമായി ഈ മന്ദിരം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരാർ പ്രകാരം 1996 മാർച്ചിൽ തുടങ്ങി പതിനെട്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതായിരുന്നു.

(സി) ആവശ്യമായ തുക ലഭ്യമാകാത്തതിനാൽ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) ആവശ്യമായ തുക ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കായംകുളം സർക്കാർ ആശുപത്രിയിൽ കായംകുളം നഗരസഭയുടെ മുതൽമുടക്ക്

209 (211) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 ഏപ്രിൽ 1 മുതൽ 2001 ഫെബ്രുവരി 18 വരെ കായംകുളം സർക്കാർ ആശുപത്രിയിൽ കായംകുളം നഗരസഭ മുടക്കിയിട്ടുള്ള തുകകളും അതുവഴി സ്ഥാപിച്ച സംവിധാനങ്ങളും സംബന്ധിച്ച് ഇനംതിരിച്ച് വിശദമാക്കുമോ ;

(ബി) ഇതേകാലത്ത് സർക്കാർ നേരിട്ട് ഈ സർക്കാർ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും അതിനായി ചെലവഴിച്ച തുകകളും സംബന്ധിച്ച് ഇനംതിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) വിശദവിവരം താഴെ കൊടുക്കുന്നു.

1.	വാർഡുകളിലേയ്ക്കുള്ള റോഡ് നിർമ്മാണം	3,40,822
2.	ഫ്രീസർ മുറിയുടെ നിർമ്മാണ തുക	78,009
3.	കംഫർട്സ്റ്റേഷൻ നിർമ്മിച്ച തുക	1,36,489
4.	കോംപൗണ്ട്വാൾ നിർമ്മാണവും അതിന്റെ അറ്റകുറ്റപ്പണിയും	1,32,592

LIBRARY ARCHIVES Kerala Legislative Assembly